## 08/04/2025

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/04/2025

1. കാസർഗോഡ് ജില്ലയിലെ കേരള കാർഷിക സർവകലാശാലയുടെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും പൊതുജനങ്ങൾക്കായി സങ്കരയിനം (ടി ഇന്റു ഡി) തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നു. ആവശ്യക്കാർ ഏപ്രിൽ 22 മുതൽ റേഷൻ കാർഡിൻ്റെ കോപ്പി സഹിതം കേന്ദ്രത്തിൽ എത്തണം. സമയം രാവിലെ 9.30 മുതൽ വൈകീട്ട് നാല് വരെ. തെങ്ങിൻ തൈ ഒന്നിന് 325 രൂപ. ഫോൺ - 0467 2260632, 8547891632.

2. 2025 വർഷത്തിലെ ഉഷ്ണതരംഗം മുന്നൊരുക്കങ്ങളുടെ ഭാഗമായി ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2564623.

3. തൃശൂർ കണ്ണാറ കേരള അഗ്രോ ബിസിനസ്സ് കമ്പനി ലിമിറ്റഡ്സജ്ജീകരണത്തിനായി ബനാന ആൻഡ് ഹണി അഗ്രോ പാർക്കിലെ സംഭരണം/വെയർഹൗസ്/സംസ്കരണ യൂണിറ്റുകൾ, കണ്ണറ, തൃശൂർ എഫ്പിഎസ്, എംഎസ്എംഇകൾ, കർഷകർ, സ്വകാര്യ കമ്പനികൾ, സംരംഭകർ തുടങ്ങിയവർക്ക് മിതമായ നിരക്കിൽ പാട്ട വാടകയ്ക്ക് പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള മികച്ച അവസരം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238148583 എന്നാ ഫോൺ നമ്പറിലോ www.kabco.co. in എന്ന ഈ മെയിലിലോ ബന്ധപ്പെടുക.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം മുതൽ 45 ദിവസം വരെ പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർക്ക് 9495000923, 9744848325 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ, നേരിട്ട് കൊട്ടിയം ഫാമിൽ എത്തി കോഴിക്കുഞ്ഞുങ്ങളെ വാങ്ങുകയോ ചെയ്യാം.

**Haripriya Devi V V (I/C)** **Dr. Binu Harriet Ivan**

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പാക്കുന്ന മുട്ടക്കോഴി ഇൻറഗ്രേഷൻ പദ്ധതി (ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവ നൽകി 45 ദിവസം പ്രായമാകുമ്പോൾ കോഴികളെ തിരിച്ചെടുക്കുന്ന പദ്ധതി) പ്രകാരം ഫാം നടത്താൻ താൽപ്പര്യമുള്ള തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകൾ/കോഴിവളർത്തൽ കർഷകർ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറകടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം-695024 എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അല്ലെങ്കിൽ kepcopoultry@gmail.com. എന്ന ഇ-മെയിൽ മുഖേന അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ - 9745870454.

6. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ "ഹാച്ചറി സൂപ്പർവൈസർ-കം-ടെക്ക്നിഷ്യൻ" തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

7. സംസ്ഥാനത്ത് കന്നുകാലി സെൻസസ് ഏപ്രിൽ 15 വരെ നീട്ടി. ഒക്ടോബർ 25 ന് തുടങ്ങിയ വിവരശേഖരണം മാർച്ച് 31നു പൂർത്തിയാക്കാനായിരുന്നു പദ്ധതിയെങ്കിലും ഇടുക്കി, തൃശൂർ, വയനാട് ജില്ലകളിൽ മാത്രമാണ് പൂർത്തിയായത്. 1.6 കോടി വീടുകളിലും സ്ഥാപനങ്ങളിലും എത്തി വിവര ശേഖരണം നടത്താൻ 3500 കുടുംബശ്രീ പശുസഖി എന്യൂമറേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

8. തൃശ്ശൂർ ജില്ലയിൽ പി.എം.എം.എസ്.വൈ പദ്ധതി പ്രകാരം ലൈവ് ഫിഷ് വെന്റിംഗ് സെന്റർ (യൂണിറ്റ് കോസ്റ്റ് - 20 ലക്ഷം), മിനി ഫീഡ് മിൽ (യൂണിറ്റ് കോസ്റ്റ് - 30 ലക്ഷം), പെൻ കൾച്ചർ (യൂണിറ്റ് കോസ്റ്റ് - മൂന്ന് ലക്ഷം) എന്നിവയിലേക്ക് അപേക്ഷ ക്ഷണിച്ചു. 40 ശതമാനം സബ്സിഡി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എല്ലാ മത്സ്യഭവനുകളിലും ലഭ്യമാണ്. താൽപര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഏപ്രിൽ 16 ന് വൈകീട്ട് നാലിനകം അതാത് യൂണിറ്റ് ഓഫീസുകളിൽ (അഴിക്കോട്/ചേറ്റുവ/ചാലക്കുടി/നാട്ടിക/ചാ വക്കാട്/പിച്ചി) സമർപ്പിക്കണം. ഫോൺ: 0487 2421090, 9746595719.

**കാർഷിക നിർദ്ദേശം**

9. കനത്ത മഴ ലഭിക്കുന്നതും മണൽ മണ്ണുള്ളതുമായ പ്രദേശങ്ങളിൽ പൊട്ടാസ്യം വളങ്ങൾ പല തവണകളായി നൽകുന്നത് പൊട്ടാസ്യം നഷ്ടം കുറയ്ക്കുവാൻ സഹായിക്കും. കളിമണ്ണ് കൂടുതലുള്ള സ്ഥലങ്ങളിൽ മുഴുവൻ പൊട്ടാസ്യവും അടിവളമായി നൽകാം. പുളിരസമുള്ള മണ്ണിൽ കുമ്മായം ഇട്ട് നിർവീര്യമാക്കിയതിനു ശേഷമേ പൊട്ടാസ്യം വളങ്ങൾ പ്രയോഗിക്കാവൂ. മണ്ണിലെ പൊട്ടാഷ് മൂല്യം നിലനിർത്തുന്നത് വൈക്കോൽ മണ്ണിൽ കൂട്ടിക്കലർത്തുന്നത് കൊണ്ടാണ്.വൈക്കോൽ കലർത്തിയിട്ടും മണ്ണിൽ പൊട്ടാസ്യം അളവ് കുറവാണെങ്കിൽ ഒരു ഹെക്ടറിന് 15 കി.ഗ്രാം $K_2O$ ചേർക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം